LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. കൂടുതൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചും കോസ്റ്റ് ഗാർഡുകളെ നിയോഗിച്ചും തീരസംരക്ഷണം അതിർത്തി സംരക്ഷണം പോലെതന്നെ പ്രധാനപ്പെട്ട ഒരു ചുമതലയായി ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ഇതിന് കേന്ദ്ര സഹായവും ലഭ്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ പോലീസ് സ്റ്റേഷനുകളും കോസ്റ്റൽ ഗാർഡുകളും ഇപ്പോൾ സജ്ജമാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് നമുക്ക് ഇത് കണ്ടെത്താൻ കഴിഞ്ഞത്. ഏതായാലും ശ്രീ. അൻവർ സാദത്ത് ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ തീരപ്രദേശങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരികയാണ്.

6. 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : സർ, കേരളത്തിലെ വൈദ്യുതി ഉല്പാദന മേഖലയിൽ ഇടുക്കി കഴിഞ്ഞാൽ രണ്ടാം സ്ഥാനം കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലവൈദ്യുത പദ്ധതിക്കാണ്. ആ ജലവൈദ്യുത പദ്ധതി ഉൾപ്പെടെ നിലകൊള്ളുന്ന മണ്ഡലത്തിന്റെ തലസ്ഥാനമാണ് പേരാമ്പ്ര പട്ടണം. പേരാമ്പ്ര പട്ടണത്തിലേയ്ക്ക് ഇപ്പോൾ വൈദ്യുതി എത്തുന്നത് കണ്ണൂരിലുള്ള കൊയിലാണ്ടി സബ്സ്റ്റേഷൻ, ചക്കിട്ടപാറ സബ്സ്റ്റേഷൻ, കുറ്റ്യാടി സബ്സ്റ്റേഷൻ, മേപ്പയൂർ സബ്സ്റ്റേഷൻ എന്നിവയിലൂടെയാണ്. പേരാമ്പ്ര കോഴിക്കോട് ജില്ലയിലെ മൂന്നാമത്തെ പട്ടണമാണ്. അവിടെ വൈദ്യുതിയുടെ പ്രശ്നം വളരെ വലുതാണ്. അങ്ങനെയാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 33 കെ. വി. സബ്സ്റ്റേഷൻ അനുവദിക്കുകയും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് 30 സെന്റ് സ്ഥലം സൗജന്യമായി ലഭിക്കുകയും ചെയ്തത്. ഇന്നലെ ഇതിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. അവിടെ ഇപ്പോൾ മേപ്പയൂരിൽ നിന്നുള്ള 11 കെ.വി. ലൈനിന്റെ പണി 95 ശതമാനവും പൂർത്തീകരിച്ചുകഴിഞ്ഞു. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചാൽ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസും, സബ്സ്റ്റേഷന്റെ പ്രവർത്തനവും അവിടെ നടത്താൻ സാധിക്കും. 2012-ൽ പൂർത്തീകരിക്കുമെന്നാണ് അന്ന് പറഞ്ഞത്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്, 2015 ഡിസംബറിൽ പണി പൂർത്തീകരിക്കുമെന്നാണ്. 2015-ൽ പണി പൂർത്തീകരിക്കുമെന്നുള്ള കാര്യത്തിൽ ഉറപ്പുണ്ടാക്കണം. കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടില്ല. ടെണ്ടർചെയ്ത് എക്സ്സ്റ്റായിട്ടുള്ളത് അംഗീകരിക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, മേപ്പയൂരിൽനിന്നും 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 9 കിലോമീറ്റർ ലൈൻ വലിച്ച് പേരാമ്പ്രയിൽ ഒരു 33. കെ.വി. സബ്സ്റ്റേഷനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം ലഭ്യമായെങ്കിലും ലൈൻ വലിക്കാനുള്ള സ്ഥലം സംബന്ധിച്ച് തർക്കം വന്നതാണ്, ഇതിനുണ്ടായ തടസ്സം. എം.എൽ.എ.-യും പഞ്ചായത്ത് പ്രസിഡന്റുമുൾപ്പെടെയുള്ളവർ ഇടപെട്ട് തർക്കങ്ങളെല്ലാം തീർത്ത് 2012 ആകുമ്പോഴേയ്ക്കും ലൈൻ വലിക്കാനുള്ള സ്ഥലമായിരുന്നു. ലൈൻ വലിച്ചുവരുന്ന സമയത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെവഴിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റേണ്ടതിന്റെ പേരിൽ വീണ്ടും തടസ്സം വരികയും സമയം നീണ്ടു പോകുകയും ചെയ്തു. അതുകഴിഞ്ഞ് റേറ്റ് പുതിയ ഷെഡ്യൂളിലാക്കിത്തരണമെന്ന് കോൺട്രാക്ടർ ആവശ്യപ്പെട്ടപ്പോൾ അതിന് വീണ്ടും തടസ്സം വന്നു. ഏതായാലും കൺട്രോൾ റൂമിന്റെ ടെണ്ടർ നൽകിക്കഴിഞ്ഞു. 2016 ഡിസംബർ എന്നുള്ളത് ആഗസ്റ്റ് പതിനഞ്ചോടുകൂടി ലൈനിന്റെ പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കും. അതു കഴിഞ്ഞാൽ കൺട്രോൾ റൂമിന്റേതാണ്. ടെണ്ടർ ചെയ്തപ്പോൾ വളരെ കൂടുതൽ റേറ്റിലായി വന്നു. അത് നൽകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് റീ-ടെണ്ടർ ചെയ്യേണ്ടിവന്നു. പക്ഷേ എത്ര താമസിച്ചാലും 2016 മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കാൻ സാധിക്കും.

7. സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കൽ

ശ്രീ. റ്റി. യു. കുരുവിള : സർ, കോതമംഗലം തടി ഡിപ്പോ ബി.റ്റി.ആർ. അനുസരിച്ച് പുറമ്പോക്കാണ്. അതിനാൽ 7-9-2013-ലെ സർക്കാർ ഉത്തരവനുസരിച്ച് ഫോറസ്റ്റിനാവശ്യമായ സ്ഥലം വിട്ടുകൊടുത്ത് ബാക്കിസ്ഥലം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുവാനും 75 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിക്ക് പൊതുആവശ്യത്തിനായി വിട്ടുകൊടുക്കുവാനുമാവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിനെതിരെ ഗ്രീൻ ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിരിക്കുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഈ ഓർഡറിനെതിരായിട്ടാണ് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇത് ഗവൺമെന്റ് ഉത്തരവിനെതിരായി വരുന്നതിനാൽ ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കുന്നതിനായി റവന്യൂ, ഫോറസ്റ്റ് എന്നീ രണ്ട് ഡിപ്പാർട്ടുമെന്റുകളുടേയും സ്റ്റേറ്റ്മെന്റ് സംയുക്തമാക്കി ലാ ഡിപ്പാർട്ടുമെന്റുവഴി സബ്മിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. ഗവൺമെന്റ് ഉത്തരവിനെതിരായാണ് വനം വകുപ്പ് സ്റ്റേറ്റ്മെന്റ് കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതെന്നാണ് അറിയുന്നത്. അതിനാൽ രണ്ട് ഡിപ്പാർട്ടുമെന്റുകളും സംയുക്തമായി തീരുമാനമെടുത്ത് ലാ ഡിപ്പാർട്ടുമെന്റ് മുഖേന ഗവൺമെന്റിനുവേണ്ടി സമർപ്പിക്കണമെന്നാണ് അപേക്ഷിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly